ഗ്രാമീണമേഖലയിലെ വികസന പദ്ധതികൾ

*26 [56] ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്ജ്:
„ ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ നടപ്പാക്കുന്ന സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ.), സ്വർണ്ണ ജയന്തി ഗ്രാം സ്വരോജ്ഗാർ യോജന (എസ്.ജി.എസ്.വൈ.), ഗ്രാമീണ ഭവന നിർമ്മാണ പദ്ധതി തുടങ്ങിയവയിൽ സംസ്ഥാന സർക്കാരിന്റെ സമീപനവും നടപടികളും വ്യക്തമാക്കാമോ;

(ബി) ഗ്രാമീണ മേഖലയുടെ വികസനത്തിനായി ആവിഷ്ക്കരിക്കുന്ന പദ്ധതികൾക്ക് നൽകുന്ന ബാങ്ക് വായ്പകളുടെ പലിശ നിരക്ക് കുറയ്ക്കുവാനുള്ള കേന്ദ്രസർക്കാർ തീരുമാനം കേരളത്തിലെ ചെറുകിട കർഷകർക്കും ലഭ്യമാക്കുവാനുള്ള സംവിധാനം ഉണ്ടാകുമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്):

(എ) ഗ്രാമീണ മേഖലയിൽ നടപ്പാക്കുന്ന ഈ പദ്ധതികളെല്ലാം തന്നെ ഫലപ്രദമായി നടപ്പിലാക്കുകയാണെങ്കിൽ ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര നിർമ്മാർജ്ജനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാധിക്കും. ഈ പദ്ധതിയുടെ കേന്ദ്ര വിഹിതം പൂർണ്ണമായും നേടിയെടുക്കുന്നതോടൊപ്പം ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കുന്ന വിധത്തിൽ നടപ്പിലാക്കണമെന്നാണ് സർക്കാരിന്റെ നിലപാട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.ജി.ആർ.വൈ., ത്രിതല പഞ്ചായത്തുകൾ മുഖേനയാണ് നടപ്പിലാക്കുന്നത് ഈ പദ്ധതിയനുസരിച്ച് ലഭ്യമാകുന്ന തുകയുടെ 50 ശതമാനം ഗ്രാമപഞ്ചായത്തുകൾക്കും 30 ശതമാനം ബ്ലോക്ക് പഞ്ചായത്തുകൾക്കും, 20 ശതമാനം ജില്ലാ പഞ്ചായത്തുകൾക്കുമാണ് നല്കുന്നത്. എസ്.ജി.എസ്.വൈ-യും, ഐ.എ.വൈ-യും ബ്ലോക്ക് പഞ്ചായത്തുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭകളാണ്. ഈ പദ്ധതികളുടെ കേന്ദ്രവിഹിതമായ 75 ശതമാനം തുകയും, കേന്ദ്ര സർക്കാർ ജില്ലാ ഗ്രാമവികസന ഏജൻസികൾക്ക് നേരിട്ട് ലഭ്യമാക്കുകയാണ് ചെയ്യുന്നത്. സംസ്ഥാന വിഹിതമായ 25 ശതമാനം തുക ഗ്രാമവികസന കമ്മീഷണർ ജില്ലാ ഗ്രാമവികസന ഏജൻസികൾക്ക് നല്കുന്നു. ഈ തുക ജില്ലാ ഗ്രാമവികസന ഏജൻസി ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിതരണം ചെയ്യുന്നു. ഈ പദ്ധതികളുടെ നടത്തിപ്പ് സംസ്ഥാന സർക്കാർ മോണിറ്റർ ചെയ്യുന്നു.

(ബി) എസ്.ജി.എസ്.വൈ. പ്രകാരം നല്കുന്ന ബാങ്ക് വായ്പകളുടെ പലിശ നിരക്ക് റിസർവ്വ് ബാങ്ക് നിബന്ധനകൾ പ്രകാരം ബാങ്കുകളാണ് നിശ്ചയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly